(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കൺസ്യൂമർഫെഡ് മുഖേന വിലക്കയറ്റം നിയന്ത്രിക്കുവാൻ വിപണി ഇടപെടലിനായി പ്രത്യേക പദ്ധതികളൊന്നും തന്നെ പ്രഖ്യാപിച്ചിട്ടില്ല. പൊതുമാർക്കറ്റിലെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ നിന്നും 20 ശതമാനംവരെ വിലക്കുറച്ച് നന്മ സ്റ്റോറുകളിലൂടെയും വില വർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ മേഖലയിലെ അപ്പെക്സ് സ്ഥാപനമായ കൺസ്യൂമർഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണനമേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണനം നടത്തുന്നതിന് സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രത്യേക പദ്ധതി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ സഹകരണ വകുപ്പ് കൺസ്യൂമർഫെഡ് മുഖാന്തരം കാലാകാലങ്ങളിൽ നടത്തിവരുന്ന ഉത്സവ വിപണി കളിലൂടെ വിലക്കയറ്റം നിയന്ത്രിക്കുകയും തൽഫലമായി ഉണ്ടാകുന്ന കൃത്രിമക്ഷാമം ഒഴിവാക്കുകയും പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ പ്രാപ്യമായ സ്ഥലങ്ങളിൽ ലഭ്യമാക്കുകയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) കാലാകാലങ്ങളിൽ നടത്തുന്ന സബ്സിഡി വിപണനമേളകൾ സംബന്ധിച്ച് കൺസ്യൂമർഫെഡ് തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും സർക്കാർ അംഗീകാര ത്തോടെ നടപ്പിലാക്കുകയും ചെയ്തുവരുന്നു.

താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

172 (539) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് നാളിതുവരെ ഏതെല്ലാം തലത്തിൽ അന്വേഷണം നടന്നിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) നിക്ഷേപകർക്ക് പണം നൽകുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ ആറു മാസങ്ങൾക്കുള്ളിൽ നിക്ഷേപകർക്ക് എത്ര തുക തിരിച്ചുനൽകിയിട്ടുണ്ട്;

(ഡി) ബാങ്കിലേക്ക് അടയ്ക്കാനുള്ള തുക കടിശ്ശിക വരുത്തിയവരിൽ നിന്നും കഴിഞ്ഞ ആറുമാസത്തിനുള്ളിൽ എത്ര തുക ഈടാക്കിയെടുത്തിട്ടുണ്ട്;

(ഇ) നിക്ഷേപകർക്ക് നൽകാനുള്ള തുക അടിയന്തരമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് ബാങ്കിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായവരിൽനിന്നും തുക ഈടാക്കുന്നതിന് സഹകരണ നിയമം വകുപ്പ് 68 പ്രകാരം സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ മുൻ സെക്രട്ടറി ശ്രീ. എം. ജി. വിജയകുമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും താൽക്കാലിക സ്റ്റേ ഉത്തരവ് സമ്പാദിച്ചിട്ടുള്ളതാണ്. കൂടാതെ സഹകരണ നിയമം വകുപ്പ് 65 അന്വേഷണത്തിൽ കണ്ടെത്താതിരുന്ന ക്രമക്കേടുകൾ കൂടി കണ്ടെത്തുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരമുള്ള പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെയും അവരുടെ വ്യക്തിഗത ബാദ്ധ്യതകളും തിട്ടപ്പെടുത്തുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 68 പ്രകാരം അന്വേഷണം നടത്തുന്നതിന് വീണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണവും നടന്നുവരുന്നു.

ബാങ്കിലെ ആഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച 4 സ്പെഷ്യൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽനിന്നും സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ക്രൈം 913/2013 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

ബാങ്കിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് നിക്ഷേപകരിൽനിന്നും ലഭിച്ച പരാതിയിന്മേൽ വിജിലൻസ് സത്വരാന്വേഷണം നടത്തുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം കേസ് ത്വരിതപ്പെടുത്തുന്നതിനായി കൊട്ടാരക്കര സി.ഐ.-ക്ക് നിർദ്ദേശം നൽകുവാനും ഉത്തരവാദപ്പെട്ട ബാങ്ക് അധികാരികളിൽനിന്നും കേരള സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

നിയമപ്രകാരം ബാദ്ധ്യതകൾ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിന് കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന് നിർദ്ദേശം നൽകുന്നതിനും നിക്ഷേപകരുടെ നിക്ഷേപങ്ങൾ തിരിച്ചുനൽകാനുള്ള നടപടിയെടുക്കാൻ കേരള സഹകരണ നിയമപ്രകാരം പ്രസ്തുത ബാങ്കിനോട് നടപടി എടുക്കാനും ശിപാർശ ചെയ്തിരുന്നു.

എന്നാൽ പ്രസ്തുത കേസന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കേന്ദ്രസർക്കാരിനോട് (Ministry of Personnel, Public Grievances & Pensions) ആഭ്യന്തര വകുപ്പ് 6-10-2015-ൽ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കടിശ്ശിക വായ്പകളിൽ 2.51 കോടി രൂപയുള്ള 383 ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. നിലവിലുണ്ടായിരുന്ന 14 ഇ.പി. കേസുകളിൽ 4 എണ്ണത്തിൽ നടപടികൾ പൂർത്തീകരിച്ച് ജപ്തി ചെയ്തിട്ടുണ്ട്. ബാക്കി 10 എണ്ണത്തിൽ നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നു. പുതുതായി 50 ഇ.പി. കേസുകൾ കൂടി ഫയൽ ചെയ്ത് ആയതിന്മേലും നിയമാനുസൃത നടപടികൾ പുരോഗമിച്ചുവരുന്നു. കടിശ്ശികക്കാരിൽനിന്നും കടിശ്ശിക തുക ഈടാക്കി എടുത്ത് നിക്ഷേപകർക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കടിശ്ശിക ആയ എല്ലാ തുകയ്ക്കും ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(സി) കഴിഞ്ഞ 6 മാസത്തിനുള്ളിൽ 18.2 ലക്ഷം രൂപ നിക്ഷേപകർക്ക് തിരിച്ച് നൽകിയിട്ടുണ്ട്.

(ഡി) കഴിഞ്ഞ 6 മാസത്തിനുള്ളിൽ കടിശ്ശികക്കാരിൽനിന്നും 61.5 ലക്ഷം രൂപ ഈടാക്കിയിട്ടുണ്ട്.

(ഇ) കടിശ്ശികക്കാരുടെ പേരിൽ ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ചും ക്രമക്കേടുകൾമൂലം ബാങ്കിനുണ്ടായ സാമ്പത്തിക നഷ്ടത്തിന് ഉത്തരവാദികളായവരിൽനിന്നും സർചാർജ്ജ് ഉത്തരവ് പ്രകാരമുള്ള തുകകൾ ഈടാക്കിയും നിക്ഷേപകർക്ക് തുക നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

ബാങ്ക് പുനരുദ്ധരിക്കുന്നത് സംബന്ധിച്ചും മറ്റൊരു പ്രാഥമിക സഹകരണ ബാങ്കുമായി സംയോജിപ്പിക്കുന്നതിനെ സംബന്ധിച്ചും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് തിരുവനന്തപുരം ഐ.സി.എം.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly